IMMACULATE CONCEPTION CHURCH MANJUMMEL

Ave Maria

# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്താ പത്രിക | 2023 മാർച്ച് - ഏപ്രിൽ



## ആത്മീയതയും മാനവികതയും

Congratulations



**40th Wedding Anniversary**

18.4.2023

**Angel D' Cruz &**
**Leo D' Cruz**

Manjadiparambil

Congratulations



1St Wedding Anniversary

18.05.2023

**Anupama Lawrence**
**Judeson Joy**



# സ്വസ്തി

2023 മാർച്ച് – ഏപ്രിൽ

രക്ഷാധികാരി
**റവ. ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ
**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ
**ഫിലോമിന ജോഷി**

പത്രാധിപസമിതി
**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, നിഷ ഷൈജു,**
**എബി റോഷിൻ,**
**ഷാൾട്ടൻ കൊറയ, ബെറ്റ്സി ബിജു,**
**ആൽഫിൻ സെബാസ്റ്റ്യൻ,**
**ജോയൽ ജോണി**

ഉപദേശക സമിതി
**റവ. ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
(സഹവികാരി)
**വർഗീസ് പുളിക്കൽ**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)
**ജിപ്സൻ സിക്വേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)

## അകത്താളുകളിൽ

എഡിറ്റോറിയൽ
ഇടയമൊഴി
മാനവപുരോഗതിയും ആത്മീയതയും
വണക്കമാസ ചിന്തകൾ
ഇടവക വാർത്തകൾ



Layout : **L.F. Press, Manjummel.**
Cover Design: **Shalton Correya Poovathumparambil**



## എഡിറ്റോറിയൽ



# മനുഷ്യരാവുക, നമ്മളാദ്യം

**വി**ലകൂടിയ ഏത് ഉപകരണത്തിനുമൊപ്പം അതിന്റെ ഉപയോഗം കൃത്യമാക്കാൻ ഒരു കാറ്റലോഗ് ലഭിക്കും. അങ്ങനെയെങ്കിൽ അമൂല്യമായ ഈ മനുഷ്യജന്മത്തിന് മാർഗദർശകമാവാനല്ലേ തിരുവചനങ്ങൾ....

ഈ വചനങ്ങൾ വിശ്വസിക്കുന്ന കൂട്ടായ്മയ്ക്ക് സ്വന്തം ജീവിതം മാത്ര മല്ല, അപരന്റെ ജീവിതവും അമൂല്യമാവും. അങ്ങനെയാണ് ലോകത്തെ അരക്ഷിത മേഖലകൾ കത്തോലിക്കാസഭയുടെ സജീവ പ്രവർത്തന മണ്ഡ ലങ്ങളായത്.

ആഫ്രിക്ക, ബംഗ്ലാദേശ്, കോംഗോ... എന്നിങ്ങനെ മനുഷ്യജീവിതം ചവിട്ടിമെതിക്കപ്പെടുന്ന മേഖലകളിൽ ഇന്ന് നിരന്തരം പ്രവർത്തന നിരത മായിരിക്കുന്നവർ അച്ചന്മാരും കന്യാസ്ത്രീകളുമാണ്. മത്സരങ്ങളുടെയും സ്ഥാപനവൽക്കരണത്തിന്റെയും യാന്ത്രിക പ്രയാണത്തിൽ ചില ചോദ്യ ങ്ങൾ നേരിടുമ്പോഴും മനുഷ്യന്റെ കണ്ണീരും ചോരയുമൊപ്പാൻ തയ്യാറാകു ന്നവരുടെ ഏറ്റവും മുൻനിരയിൽ ഇതേ കുപ്പായമണിഞ്ഞവരെ കാണാനാ വുന്നു എന്ന ആശ്വാസം ആഹ്ലാദകരമാണ്.

പരിശുദ്ധാത്മപൂരിതരായ മിഷനറിമാരുടെ ചൈതന്യമാണ് സഭയുടെ പ്രസാദാത്മകത. ആ നിരയിലേക്ക് അൽമായരും ക്ഷണിക്കപ്പെട്ടിരിക്കുന്നു. സഹനത്തിന്റെ മനുഷ്യായുസ്സുകളാൽ കെട്ടിപ്പടുത്ത പരിപൂതമഹാസാഗര ത്തിന്റെ കരുത്തിനെ, വിദ്വേഷ രാഷ്ട്രീയത്തിന്റെ വൈതാളിക ഭാഷ്യം ചമച്ച് വഴിതിരിച്ചു വിടാമെന്ന് കരുതുന്നവരോട് സഹതപിക്കാം.

ഐഹികമല്ലെങ്കിലും ശ്ലൈഹികമായ ഈ വരപ്രസാദം ഭൗമഗോള ത്തിന്റെ പ്രസരിപ്പു കൂടിയാണെന്ന് ബോധ്യപ്പെടാൻ ഇവർക്ക് ഇനിയും എത്ര കാലം വേണം. മാനവികതയുടെ അവസാനവാക്കാവുന്ന സാർവത്രിക സ്നേഹത്തെ ഒട്ടുപാൽതൂക്കത്തിന്റെ തട്ടുകളിൽ വച്ചളന്ന് ചില്ലറ വിൽപ്പന നടത്താമെന്ന് കരുതിയവരാണ്?

അവർ മനസ്സ് വിശാലമാക്കട്ടെ, പിന്നെ മനുഷ്യരാവട്ടെ. എന്നിട്ട് ക്രിസ്ത്യാനിയാവാൻ പരിശ്രമിക്കട്ടെ...!

**ജയ്സൺ റ്റി. ജോൺ**
ചീഫ് എഡിറ്റർ



# ഇടയമൊഴി



ഈശോയിൽ ഏറ്റവും പ്രിയപ്പെട്ടവരെ....

ഉയരങ്ങളിലേക്ക് കണ്ണുനട്ട്, അവിടേക്ക് എത്തിച്ചേരുവാൻ, ചവിട്ടുപടികൾ പണിത് യാത്ര ചെയ്യുന്നവനാണ് മനുഷ്യൻ. ആയിരിക്കുന്ന അവസ്ഥകളിൽ നിന്ന് കുറച്ചുകൂടി പരിഷ്കൃതമായ ഒരു അവസ്ഥയിലേക്ക് എത്തിച്ചേരുക എന്നുള്ളത് ഓരോ മനുഷ്യന്റെയും അടങ്ങാത്ത ആഗ്രഹമാണ്. വിശുദ്ധ ഗ്രന്ഥത്തിലെ, ദൈവത്തെ പോലെ ആകാൻ ശ്രമിച്ച മനുഷ്യൻ മുതൽ ബാബേൽ ഗോപുരം പണിതവനും.... സർവ്വവും തന്റെ കൈപ്പിടിയിൽ ഒതുക്കുവാൻ തേരോട്ടം നടത്തിയ രാജാക്കന്മാരും.... കണ്ടുപിടുത്തത്തിന്മേൽ കണ്ടുപിടുത്തം നടത്തിയ മനുഷ്യരുമെല്ലാം നമ്മോട് പറയുന്നതും ഇതുതന്നെയാണ്. എന്നാൽ, സൃഷ്ടിയുടെ മേൽ ആധിപത്യം പുലർത്തുവാൻ വേണ്ടി മനുഷ്യൻ നടത്തിയ ഈ പരിശ്രമങ്ങളിലെല്ലാം സ്രഷ്ടാവിനെ മറന്നുപോയ അവസ്ഥകൾ ഉണ്ടായപ്പോൾ ഫലം തകർച്ചയായിരുന്നു. മനുഷ്യന്റെ പുരോഗതിയും ദൈവത്തിലുള്ള വിശ്വാസവും പരസ്പരം ബന്ധമുള്ളതാണ്. ചുറ്റുപാടുമുള്ള കാര്യങ്ങളെ തിരിച്ചറിയുവാൻ, സൃഷ്ടിച്ചവനെ കൂട്ടുപിടിച്ച് തിരിച്ചറിയൽ പരിശ്രമം നടത്തുമ്പോൾ അത് വിശ്വാസത്തിൽ അധിഷ്ഠിതമാണ്. മനസ്സിലാക്കുവാൻ വേണ്ടി വിശ്വാസമുണ്ടാകണം വിശ്വസിക്കുവാൻ വേണ്ടി മനസ്സിലാക്കുകയും വേണം. സൃഷ്ടിച്ചവനെ മറന്നു കൊണ്ടുള്ള സ്രഷ്ടാവിന്റെ സർവ്വ പരിശ്രമങ്ങളും നിഷ്ഫലമാണ്. മാനവ പുരോഗതി എന്നുള്ള പേരിൽ നാം നടത്തുന്ന എല്ലാ ഉദ്യമങ്ങളും സ്രഷ്ടാവിനോടൊപ്പം ആയിരിക്കട്ടെ. പുരോഗതിയിലേക്ക് നമ്മെ നടത്തുന്ന കാര്യങ്ങൾ കൂടെയുള്ളവർക്ക് നന്മ വരുത്തുന്നതായിരിക്കട്ടെ. വിശ്വാസം എനിക്ക് കൂട്ടായി ഉണ്ടായിരിക്കേണ്ട വ്യത്യസ്തമായ മേഖലകളിൽ മനുഷ്യൻ പുരോഗമിക്കുമ്പോൾ, താനാണ് സർവത്തിന്റെയും അധിപതി എന്ന തെറ്റായ ധാരണയിലേക്ക് മനുഷ്യൻ വളരുമ്പോൾ, ഇത് വളർച്ചയല്ല അറിവില്ലായ്മയുടെ അടയാളം മാത്രമാണ്. വ്യത്യസ്തങ്ങളായ മേഖലകളിൽ പഠനങ്ങൾ നടത്തി പുതിയ കാര്യങ്ങളെ കുറിച്ചും അവസ്ഥകളെക്കുറിച്ചും നാം അറിയുമ്പോൾ, അറിവി ഉറവിടമായ ദൈവത്തിനുള്ള സ്ഥാനം എന്തെന്ന് ചിന്തിക്കുന്നത് കൂടി നല്ലതാണ്. അറിവില്ലായ്മ തെറ്റാണെന്നും, തെറ്റാണെന്ന് അറിഞ്ഞിട്ടും തെറ്റിലൂടെ

തന്നെ നീങ്ങുമ്പോൾ അത് കൂടുതൽ അപകടകരമാണെന്നുള്ള ചിന്തയും നമുക്കുണ്ടാവണം. നമ്മുടെ പുരോഗതിയുടെ ഓരോ നിമിഷത്തിലും ദൈവത്തിൽ ആശ്രയിക്കുവാൻ നമുക്ക് സാധിക്കട്ടെ. ഏതൊരു മേഖലയിലും വിശ്വാസം കൂട്ടായുള്ളപ്പോൾ, പ്രതിസന്ധിഘട്ടങ്ങളിൽ പോലും പുരോഗതിയെ നശിപ്പിക്കുവാൻ മറ്റൊന്നിനും ആവില്ല. തകർന്നുവീണ ബാബേൽ ഗോപുരവും, ദാവീദിന്റെ ശക്തിയും, സോളമന്റെ വിവേകം ഇല്ലായ്മയും, ഉദാഹരണങ്ങളാണ്. നമുക്ക് സർവരുടേയും ജീവിതത്തിൻറെ സംസ്കരണത്തിലേക്ക്, പുതിയ ഒരു രൂപത്തിലേക്ക്, കാഴ്ചപ്പാടിലേക്ക്, മനോഭാവത്തിലേക്ക്, നമ്മെയും കൂടെയുള്ളവരെയും നയിക്കാം. വഴികാട്ടിയായി, വെളിച്ചമായി, ഉപദേശകനായി, ശക്തിയായി, ദൈവം കൂടെയുണ്ടായിരിക്കട്ടെ. പ്രിയപ്പെട്ടവരെ, പുതിയ ഒരു ദൗത്യത്തിലേക്ക് ഇവിടെനിന്ന് യാത്ര തുടരുമ്പോൾ എല്ലാവർക്കും നന്ദി. ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് മറ്റൊന്നിലേക്കുള്ള യാത്ര തന്നെയാണ്. കൂടെയായിരുന്നവരോട് ....കൂടെ നിന്നവരോട്.. വിമർശിച്ചവരോട്... നല്ല ഉപദേശങ്ങൾ നൽകിയവരോട്.... ഒത്തിരി നന്ദിയുണ്ട്. കൊച്ചച്ചന്മാരോടും, കേന്ദ്ര സമിതി അംഗങ്ങളോടും, ഇടവക ബ്ലോക്ക് ഭാരവാഹികളോടും, വിവിധ സംഘടനകളിലെ ഓരോ അംഗത്തോടും, ഇടവകയിലെ എല്ലാ അംഗങ്ങളോടും നന്ദിയും സ്നേഹവും അറിയിക്കുന്നു. എല്ലാവരെയും അമ്മയുടെ സംരക്ഷണയിലൂടെ ദൈവത്തിങ്കലേക്ക് സമർപ്പിക്കുന്നു. ഇത് നമ്മുടെ അടുത്ത കാലത്തേക്കുള്ള പുരോഗമനത്തിന്റെ ചവിട്ടുപടിയാണ് യാത്ര തുടരാം.....പുതിയ ഇടയനോടൊപ്പം. പുരോഗമനത്തിന്റെ പടികൾ ചവിട്ടി കയറുമ്പോൾ വിശ്വാസം നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കാം. വ്യക്തികളെ തിരിച്ചറിയാൻ, നല്ല സ്നേഹിതരെ തിരിച്ചറിയാൻ, നമ്മുടെ പുരോഗമനത്തിന് എതിരായി നിൽക്കുന്ന വിശ്വാസമില്ലാത്ത സർവ്വതിനെയും വിട്ടു ഉപേക്ഷിക്കാം.... നടന്ന വഴികളിൽ ചുവടുറപ്പിച്ച, തളരാതെ താങ്ങി നിർത്തിയ വിശ്വാസത്തിന്റെ നല്ല നിമിഷങ്ങളെ ചേർത്തുപിടിക്കാം. ഒറ്റ സമൂഹമായി, ഒറ്റ വിശ്വാസത്തിൽ, ഏക ദൈവത്തിങ്കലേക്ക് യാത്ര ചെയ്യാം. ദൈവം അതിന് സഹായിക്കട്ടെ.

സ്വസ്തി മാഗസിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന പത്രാധിപ സമിതിയോടുള്ള നന്ദിയും സ്നേഹവും ഇടവകയുടെ പേരിൽ, എന്റെ പേരിൽ അറിയിക്കുകയാണ്. പ്രതിസന്ധി ഘട്ടങ്ങളിൽ പോലും യാതൊരു വീഴ്ചയുമില്ലാതെ പ്രസിദ്ധീകരിക്കുവാൻ പരിശ്രമിച്ച എല്ലാവർക്കും, ഭവനങ്ങളിൽ എത്തിക്കുവാൻ സഹായിച്ചവർക്കും, ലിറ്റിൽ ഫ്ളവർ പ്രസ്സ് മാനേജരായ പോളച്ചനും പ്രവർത്തകർക്കും, ഏറ്റവും സ്നേഹത്തോടെ നന്ദിയും സ്നേഹവും അറിയിക്കുന്നു. അതോടൊപ്പം പുതിയ വികാരി സ്റ്റീജൻ അച്ചന് എല്ലാ ആശംസകളും പ്രാർത്ഥനകളും നേർന്നുകൊള്ളുന്നു.

എല്ലാവർക്കും ...ഒത്തിരി ഒത്തിരി... നന്ദി...!

**ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി.**
വികാരിയച്ചൻ.





## ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ...

പ്രസ്തുത, സ്നേഹത്തിൽ സത്യം പറഞ്ഞുകൊണ്ട് ശിരസ്സായ ക്രിസ്തുവിലേക്ക് എല്ലാവിധത്തിലും നാം വളരേണ്ടിയിരിക്കുന്നു. അവൻ വഴി ശരീരം മുഴുവൻ, ഓരോ സന്ധിബന്ധവും അതതിന്റെ ജോലി നിർവ ഹിക്കത്തക്കവിധം സമന്വയിക്കപ്പെട്ട്, വളരുകയും സ്നേഹത്തിൽ രൂപപ്പെ ടുകയും ചെയ്യുന്നു. എഫേസോസ് 4:15,16.

സഭയാകുന്ന കുടുംബം ക്രിസ്തുവിൽ ഒന്നായി മുന്നേറുമ്പോൾ തീർച്ച യായും നാം ആത്മീയമായും സാമൂഹികമായും വിവിധ തലങ്ങളിലും വള രുമെന്നതും തീർച്ച. യേശു നമ്മെ ക്ഷണിക്കുക പരിശുദ്ധാത്മ സഹായ ത്താൽ ക്രിസ്തുവഴി ദൈവപിതാവിലേക്കു വളരാനാണ്. ദൈവത്തെ സ്നേഹിക്കുകവഴി സഹോദരരെ സ്നേഹിക്കാനും നമുക്കാവും.

ഈ ക്രിസ്തു കേന്ദ്രീകൃത കൂട്ടായ്മ വളരുമ്പോൾ ആദിമ സഭയിലേ തുപോലെ പരസ്പരം പങ്കുവയ്ക്കലും കരുതലും സംരക്ഷിക്കലും പൊതു വളർച്ചയും കടന്നുവരും.

മുന്തിരിച്ചെടിയോടു ചേർന്നു നിൽക്കുന്ന ശാഖകളായി നമുക്കുമാറാം.

മൂന്നുവർഷക്കാലം നമ്മുടെ ഇടവകയെ നയിച്ച സ്നേഹ ബഹുമാന പ്പെട്ട വികാരി ടൈറ്റസ് കാരിക്കശ്ശേരി അച്ചന് നന്ദിയർപ്പിക്കുന്നു. പുതിയ പ്രവർത്തന മേഖലയിൽ ദൈവാനുഗ്രഹം നേരുന്നു.

നിയുക്ത വികാരി ബഹു. റവ. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.യെ മഞ്ഞുമ്മൽ അമലോത്ഭവമാതാ ഇടവക ദേവാലയത്തിലേക്ക് സ്നേഹ പൂർവ്വം സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ഡാനി ആന്റണി ഒ.സി.ഡി.**
കൊച്ചച്ചൻ



**ബഹു. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി. അച്ചന്**

# യാത്രാമംഗളങ്ങൾ



പുതിയ വികാരി

ബഹു. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. അച്ചന്

ഇടവകയിലേക്ക് *സ്വാഗതം*



# മാനവ പുരോഗതിയും ആത്മീയതയും

ജോൺ ഹ്യൂബർട്ട്

**കു**റച്ചു വർഷങ്ങൾക്ക് മുമ്പ് ദുബായിലെ ഒരു ന്യൂ ഇയർ രാത്രി ദേവാലയത്തിൽ പാതിരാ കുർബാന ഉണ്ടായിരുന്നില്ല. പുതുവർഷം തുടങ്ങാൻ പറ്റാത്തതിനാൽ ബുർജ് ഖലീഫയിലെ വെടിക്കെട്ട് കാണാൻ പോയി. അവിടുത്തെ ആഢംബര വെടിക്കെട്ടും ലേസർ ഷോയുമൊക്കെ കഴിഞ്ഞ് താമസസ്ഥലമായ ബർ ദുബായിലേക്ക് പോകാൻ മെട്രോയിൽ കയറി. ട്രെയിൻ ഊദ് മേത്ത സ്റ്റേഷനിലെത്തിയപ്പോൾ ചാടിയിറങ്ങി. അവിടെ അടുത്താണ് സെന്റ് മേരീസ് കത്തീഡ്രൽ. ബർദുബായ്, രണ്ട് സ്റ്റേഷനുകൾ കൂടി കഴിഞ്ഞാണ്. സമയം ഒരുമണി കഴിഞ്ഞിട്ടുണ്ട്. പള്ളിയുടെ ഗേറ്റ് അടച്ചിട്ടിരിക്കുകയാണെങ്കിലും അവിടം വരെ ചെന്ന് പ്രാർത്ഥിച്ചിട്ട് പോകാമെന്ന് കരുതി. സ്റ്റേഷനിൽ നിന്നും പള്ളിയിലേക്ക് നടക്കുന്ന തിനിടയിൽ ബാർഹോട്ടൽ നൈറ്റ് ക്ലബ്ബുകളിലെ ഡി.ജെ. പാർട്ടികളിൽ നിന്നുള്ള കാതട പ്പിക്കുന്ന ശബ്ദം നെഞ്ചിടിപ്പുകൂട്ടി. റോഡരികിലും ബാൽക്കണികളിലും സെലിബ്രേഷൻ വെറൈറ്റികൾ. റോഡിലൂടെ വാഹനങ്ങൾ താളത്തിൽ ഹോണടിച്ച് നീങ്ങുന്നു. തൊട്ടടുത്ത ഇന്ത്യൻ ക്ലബ്ബിൽ നിന്നുയർന്ന നൊസ്റ്റാൾജിക്ക് ബോളിവുഡ് ഗാനത്തിനൊപ്പം ചുവടുവച്ച് പള്ളിവരെ നടന്നു. ഗേറ്റ് അടഞ്ഞുകിടപ്പാണ്. വെളിച്ചവും കുറവ്. അടഞ്ഞ ഗേറ്റിനു മുമ്പിൽ അവിടെ കണ്ട കാഴ്ചയിൽ അക്ഷരാർത്ഥത്തിൽ ഞാൻ അത്ഭുതപ്പെട്ടു. നാടു മുഴുവൻ ആഘോഷങ്ങളിൽ അടിച്ചുപൊളിക്കുമ്പോൾ ആ സെന്റ് മേരീസിനു മുമ്പിലെ കോൺഗ്രീറ്റ് റോഡിൽ കുറെ ആളുകൾ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. ആ ആൾക്കൂട്ടത്തിലുയർന്ന കൈകളിലെ കത്തിച്ച മെഴുകുതിരി വെളിച്ചത്തിൽ ഞാൻ മനസ്സിലാക്കി, ഏഷ്യയിലും, ആഫ്രിക്കയിലും, യൂറോപ്പിലും നിന്നുള്ളവർ പരസ്പരം മറന്ന് ദൈവതിരുമുമ്പിൽ പുതു വർഷത്തെ വരവേൽക്കുകയാണെന്ന്. അത്ഭുതങ്ങളുടെയും ആഘോഷങ്ങളുടെയും നാട്ടിലെ ആ തണുപ്പുള്ള രാത്രിയിൽ അവർ തീർത്ത ആത്മാർത്ഥ ഭക്തിയുടെ ആത്മീയ വലയത്തിൽപ്പെട്ട് ഞാനും പതുക്കെ മുട്ടുകുത്തി. പുറത്തെ ആഘോഷാരവങ്ങൾ പതുക്കെ പതുക്കെ അലിഞ്ഞില്ലാതായി.

ഒരിക്കൽ ഫ്രാൻസിൽ ഒരു യുവ ബിസിനസ്സുകാരൻ ട്രെയിൻ യാത്ര ചെയ്യുമ്പോൾ തൊട്ടടുത്തിരുന്ന വൃദ്ധന്റെ കൈവിരലുകൾക്കിടയിലൂടെ കൊന്തമണികൾ നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടു. ആ വൃദ്ധൻ ജപമാല ചൊല്ലുകയാണ്. ശാസ്ത്രം ഇത്രയും വളർന്നിട്ടും

ഇതുപോലുള്ള "കാലാഹരണപ്പെട്ട" കാര്യങ്ങളിൽ വിശ്വസിക്കുന്നതിനെ പരിഹസിച്ചുകൊണ്ട് യുവാവ് കൂടുതൽ ശാസ്ത്രീയ തെളിവുകളും വിശദീകരണവും അയച്ചുകൊടുക്കുന്നതിനായി ആ വൃദ്ധന്റെ അഡ്രസ് ചോദിച്ചു. ആ വൃദ്ധൻ കോട്ടിന്റെ പോക്കറ്റിൽ നിന്നും യുവാവിന് നൽകിയ ബിസിനസ്സ് കാർഡിലെ അഡ്രസ്സ് ഇതായിരുന്നു. ലൂയി പാസ്ചർ, ഡയറക്ടർ ഓഫ് ദി ഇൻസ്റ്റിറ്റൂട്ട് ഓഫ് സയന്റിഫിക്ക് റിസർച്ച്, പാരിസ്. ആന്ത്രാക്സിനും, റാബീസിനും വാക്സിൻ വികസിപ്പിച്ച, ഫെർമെന്റേഷനും, പാസ്ചുറൈസേഷനും കണ്ടുപിടിച്ച ഫ്രഞ്ചുസർക്കാരിൽ നിന്നും 'ലീജിയൻ ഓഫ് ഓണർ' പദവി ലഭിച്ച, ഫ്രഞ്ച് കെമിസ്റ്റും മൈക്രോബയോളജിസ്റ്റുമായ ലോകാദരണീയനായ ലൂയി പാസ്ചറായിരുന്നു ആ ജപമാല ഭക്തൻ. മാനവ പുരോഗതിയിലും ആത്മീയതയുടെ പ്രാധാന്യത്തിന് വേറെ സാക്ഷ്യങ്ങൾ എന്തിന്?

ബഹിരാകാശത്ത് ആദ്യമായിറങ്ങിയ യൂറി ഗഗാറിൻ പറഞ്ഞത് ഞാൻ ദൈവത്തെ കണ്ടില്ലാ എന്നാണ്. റഷ്യൻ നാസ്തികതയുടെ അജണ്ടയിൽ വിരിഞ്ഞ വാക്കുകൾ പച്ചക്കള്ളമായിരുന്നെന്ന് കാലം ആ രാഷ്ട്രത്തെ പഠിപ്പിച്ചു. ഒരു 'ചലന'മോ 'കറക്ക'മോ വേണമെങ്കിൽ ഒരു 'പ്രൈം മൂവർ' വേണമെന്നത് ശാസ്ത്ര സത്യവും ന്യൂട്ടന്റെ ചലന നിയമങ്ങളാൽ സാധൂകരിക്കപ്പെട്ടതുമാണ്. അനേകം ഗാലക്സികൾ നിറഞ്ഞ യൂണിവേഴ്സെന്ന മഹാത്ഭുതത്തിൽ തിരിയുന്ന ഗോളങ്ങളുടെ ഭാരവും, ദൂരവും, സമയവും, വേഗവും, പ്രീസെറ്റ് ചെയ്തതിന്റെ ഡിസൈൻ, ഇൻസ്റ്റലേഷൻ, ഓപ്പറേഷൻ, മെയിന്റനൻസ് എന്നിവയെ ഏകോപിപ്പിക്കുന്ന കൺട്രോൾസിസ്റ്റം സ്രഷ്ടാവായ ദൈവത്തിലാണെന്ന് പറയുന്നവനെ അന്ധവിശ്വാസി എന്നു പറയരുത്.

ഉദരത്തിൽ ജീവന്റെ നാമ്പുള്ള കാര്യം ഒരമ്മപോലും ആദ്യമായി അറിയും മുമ്പേ അതിൽ ഹൃദയത്തുടിപ്പിട്ടവനാണ് ദൈവം. ഒരു വ്യക്തിയും ജനിതകഘടന മുഴുവൻ നിയന്ത്രിക്കുന്ന ഡി.എൻ.എ. ജീവനുരുവാക്കപ്പെട്ട ആദ്യ നിമിഷങ്ങളിൽ തന്നെ നിക്ഷേപിച്ചവൻ. തലച്ചോറും, നട്ടെല്ലും, നാഡീവ്യൂഹവുമടങ്ങുന്ന ഒരു വൻഫാക്ടറി തന്നെ ജീവോൽപ്പത്തിയുടെ ആഴ്ചയ്ക്കുള്ളിൽ അവൻ സജ്ജമാക്കി. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോറ്റിയപ്പോൾ കുറെ കുട്ടകൾ ബാക്കി വന്നത് കർത്താവിന്റെ കണക്കുകൂട്ടലുകൾ കൃത്യമല്ലാത്തതുകൊണ്ടല്ല. നമ്മോടുള്ള സ്നേഹത്തെപ്രതി കണക്കു മറക്കുന്നവനാണ് നമ്മുടെ ദൈവം. ഒരു കൈയ്കൊണ്ട് ജീവിക്കാമെന്നിരിക്കെ രണ്ട് തന്നവൻ. കാലും, കാതും, കണ്ണും, കിഡ്നിയും, ശ്വാസകോശവും, അണ്ഡാശയവുമൊക്കെ രണ്ട് നൽകി ആ അനന്ത സ്നേഹത്തിന്റെ ഇരട്ടിപ്പു കാട്ടിയവൻ. ജീവോൽപ്പാദനത്തിന്റെ സൂക്ഷ്മാണു വെറും ഒന്ന് വേണ്ടിടത്ത് കോടിക്കണക്കിനായി അവന് നൽകി അത് ആകാശത്തെ താരവിസ്മയം പോലെ അവർണനീയമാക്കി. പ്രയാസങ്ങളും, പ്രതിസന്ധികളും, ദുരിതങ്ങളും, മരണവും നമുക്കുണ്ടായേക്കാം. ദൈവത്തെ അവിശ്വസിച്ച് ആത്മീയതയെ തള്ളിപ്പറഞ്ഞ് ജീവിക്കരുത്. കുശവന്റ പറമ്പിനായി മുതലിറക്കരുത്. ഈ ജീവന്റെയും ജീവിതത്തിന്റെയും പിന്നിൽ ദൈവമാണ്.

"മലകൾ അകന്നു പോയേക്കാം, കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല; എന്റെ സമാധാന ഉടമ്പടിക്ക് മാറ്റം വരുകയില്ല." ഏശയ്യ 54:10



# പരിശുദ്ധ അമ്മയുടെ വണക്കമാസം

**യേ**ശുവിന്റെ അമ്മയായ മറിയത്തെ മേയ് മാസറാണിയായി ബഹുമാനിച്ചുകൊണ്ട് കത്തോലിക്കാ സഭയിൽ വർഷം തോറും നടത്തപ്പെടുന്ന ഒരു ഭക്തിപദ്ധതിയാണ് മാതാവിന്റെ വണക്കമാസം. സാധാരണയായി മേയ് മാസത്തിലെ സായാഹ്നങ്ങളിൽ പതിവുള്ള ഈ വണക്കം, ദേവലയങ്ങളുടേയോ വീടുകളുടേയോ അകത്തോ, തുറസ്സായ പൊതുസ്ഥലങ്ങളിലോ ആകാം. പതിനാറാം നൂറ്റാണ്ടുമതൽ കത്തോലിക്കാ സഭയിലാകെ നിലവിലുള്ള ഈ ഭക്തിപദ്ധതി അന്നുമുതൽ കത്തോലിക്കാ സമൂഹങ്ങളുടെ മതസാംസ്കാരികജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമാണ്. വണക്കമാസത്തിൽ എല്ലാ ദിവസവും മറിയത്തോടുള്ള പ്രത്യേക പ്രാർഥനകളുണ്ട്. പല ദേവാലയങ്ങളിലും വണക്കമാസ പ്രാർഥനകൾ വി. കുർബാനയ്ക്കു ശേഷം നടത്തിവരുന്നു. വൈദികൻ തിരുവസ്ത്രങ്ങളണിഞ്ഞ് മുട്ടുകുത്തി അതത് ദിവസത്തെ പ്രാർഥനകൾ ചൊല്ലും. ദൈവമാതാവിന്റെ ലുത്തിനിയയും മരിയഭക്തിഗാനങ്ങളും പ്രാർഥനയ്ക്കൊപ്പം ആലപിക്കും. കേരളത്തിൽ ഇതിന്റെ ഭാഗമായി പാടാറുള്ള പഴയ ഗാനങ്ങളിൽ ഒന്നിന്റെ തുടക്കം 'നല്ല മാതാവേ മരിയേ' എന്നാണ്.

മാതാവിന്റെ മേയ്മാസവണക്കത്തിന്റെ തുടക്കം ഇറ്റലിയിൽ പതിനാറാം നൂറ്റാണ്ടിലായിരുന്നു. അവിടന്ന് അത് മധ്യയൂറോപ്യൻ രാജ്യങ്ങളിൽ ദിവസം തോറുമോ, ആഴ്ചയിലൊരിക്കലോ ഉള്ള ദൈവമാതൃവണക്കത്തിന്റെ രൂപത്തിൽ പ്രചരിച്ചു. ഇതിന്റെ ഭാഗമായ ചില ഭക്തിപദ്ധതികളിൽ തീർത്ഥാടനവും ഉൾപ്പെടുന്നു. വണക്കമാസാവസാനമായ മേയ് 31- ന് മാതാവിനോടുള്ള വണക്കത്തിന്റെ ഭാഗമായി മാതാവിന്റെ പ്രതിമയോ ചിത്രമോ വഹിച്ചുകൊണ്ടുള്ള ഒരു പ്രദക്ഷിണവും പതിവായി നടത്തിവരുന്നു. നമ്മുടെ ഇടവകയിലും എല്ലാവർഷവും മതാവിനോടുള്ള വണക്കമാസ അവസാനവും എലിസബത്തിനെ സന്ദർശിച്ച തിരുനാളും ഭക്തിപൂർവ്വം നടത്തിവരുന്നു.

**ടീം സ്വസ്തി**



# അഭിനന്ദനങ്ങൾ



പെറ്റ്സൺ ഡിക്രൂസ് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ പിതാവിനോടൊപ്പം

മാനവജീവിതത്തെയും ചരിത്രത്തെയും ബൈബിൾ പോലെ സ്വാധീനിച്ച, മറ്റൊരു ഗ്രന്ഥമില്ല. ദൈവാത്മാവിന്റെ പ്രചോദനത്താലും നിരന്തര സഹായത്താലും രചിക്കപ്പെട്ടതായതുകൊണ്ട് ബൈബിൾ ദൈവനിവേശിതമാണ് ബൈബിൾ ദൈവവചനമാണ്. അങ്ങനെയുള്ള ഈ വിശുദ്ധ ഗ്രന്ഥം സ്വയപ്രയത്ന ത്താൽ പകർത്തിയെഴുതി ഒരു വലിയ സംരംഭം പൂർത്തിയാക്കിയിരിക്കാണ് ഇടവക ജനതയ്ക്കും രൂപ തയ്ക്കും അഭിമാനമായ പെറ്റ്സൺ ഡിക്രൂസ് മഞ്ചാ ടിപ്പറമ്പിൽ.

ബൈബിളിലെ പഴയ നിയമവും പുതിയ നിയമവും 2020 ആഗസ്റ്റ് 15 നാണ് എഴുതി തുടങ്ങിയത് 2022 നവമ്പറിൽ പൂർത്തിയായി. ഈ ഉദ്യമം പൂർത്തിയാക്കാൻ സഹായിച്ച എല്ലാവരേയും സ്നേഹത്തോടെ ഓർക്കുന്നു. ഫാ. സെഡ്രിക്, ഫാ. രാജീവ് എന്നിവർ നൽകിയ പ്രചോദനത്തിനും വരാപ്പുഴ ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ, മഞ്ഞുമ്മൽ ഇടവക വികാരി ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി. എന്നിവരുടെ പ്രാർത്ഥനകൾക്കും അനുഗ്രഹങ്ങൾക്കും പ്രത്യേകം നന്ദി. ഇടവകജനതയുടെ സ്നേഹം നിറഞ്ഞ അഭിനന്ദനങ്ങൾ പെറ്റ്സൺ ഡിക്രൂസിന് നേരുന്നു. ആരാധനാ കുടുംബ യൂണിറ്റ് അംഗമായ Petson Dcruz മഞ്ചാടി പറമ്പിൽ പോൾസൺ ഡിക്രൂസിന്റേയും പെനി ഡിക്രൂസിന്റേയും മകനാണ്.



പെറ്റ്സൺ ഡിക്രൂസ് ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. യിൽ നിന്ന് ആദരം ഏറ്റുവാങ്ങുന്നു.




# വിഡ്ഢിദിനം നമ്മെ ഓർമിപ്പിക്കുന്നത്...

എല്ലാ ദിവസവും, ഏതെങ്കിലും ഒരു വിശേഷദിവസമായി ആഘോഷിക്കാനാണ് ആധുനിക സമൂഹം വെമ്പൽകൊള്ളുന്നത്. മാതൃദിനം, അധ്യാപകദിനം, ശിശുദിനം, കമിതാക്കളുടെ ദിനം, ആരോഗ്യദിനം, ചിരിദിനം തുടങ്ങി ജീവിതത്തിന്റെ നാനാതുറയിലുള്ള വൈവിദ്ധ്യങ്ങൾക്കും ആധുനിക സമൂഹം ഒരു ദിനം കല്പിച്ചുനല്കിയിരിക്കുന്നു. അതിലെ ഒന്നാണ് വിഡ്ഢിദിനം എന്ന് പുകൾപെറ്റ ഏപ്രിൽ ഒന്ന്. വിഡ്ഢിയായി ജീവിച്ചു മരിക്കാനാണ് നമുക്കു താൽപ്പര്യം എന്നു ചുരുക്കം. ജീവിതത്തിൽ നിന്നുള്ള അനുഭവങ്ങളിൽ നിന്ന് പാഠം പഠിച്ചു ജ്ഞാനിയാവാൻ ശ്രമിക്കാതെ, സുഖലോലുപതയുടെ മടിത്തട്ടിൽ പരിലസിച്ച്, കാലം കളയാനാണ് നമുക്ക് താൽപ്പര്യം. തങ്ങൾക്ക് ദൈവം കനിഞ്ഞ് നൽകിയ ബുദ്ധിശക്തിയെ ഉപയോഗപ്പെടുത്താൻ ഒട്ടുമിക്കവർക്കും താൽപ്പര്യമില്ല. അറിവുനേടുക എന്നുള്ളത് എന്തോ മഹാ അപരാധമെന്നു കരുതുന്നതുകൊണ്ടാണ് അത്തരക്കാർ ആ സാഹസത്തിനു മുതിരാതിരിക്കുന്നത്. മുരടിച്ചുപോയാലും വേണ്ടില്ല അറിവു നേടാൻ ഞങ്ങൾ ശ്രമിക്കില്ല, എന്ന ദർശനമാണ് വിഡ്ഢിദിനം മുന്നോട്ടുവയ്ക്കുന്നത്. ജീവിതത്തിൽ കാര്യമാത്രപ്രസക്തമായിട്ടുള്ളതൊന്നും പഠിക്കാത്ത അഭ്യസ്തവിദ്യരെയും, സമ്പന്നന്മാരെയും വിഡ്ഢി എന്നല്ലാതെ എന്താണ് വിളിക്കുക? അതുകൊണ്ട് മനുഷ്യർക്ക് ഏറ്റവും വിശേഷപ്പെട്ട ദിവസം എന്നുള്ളതാണ് ഏപ്രിൽ ഒന്നിന്റെ പ്രസക്തിയും ചാരുതയും.

**വർഷത്തിലെ 365 ദിവസവും നാം എന്താണ് എന്ന്**
**ഏപ്രിൽ ഒന്ന് നമ്മളെ മനസ്സിലാക്കിത്തരുന്നു**

**– മാർക്ക് ട്വയിൻ**



*Congratulations*

*Wedding*

*28/05/2023*

**Reshma Antony**
**Tony Antony**




*Wedding*

*15/04/2023*

**Dr. Akhila Albert**
**Dr. Amal Prakash**


**Baptism**

**23.04.2023**

## Zara Jeevan

**D/o Mettakatt Jeevan V George &**
**Jilcy Treesa T.J**







**Baptism**
**12.04.2023**

## Agatha Stijo

**D/o Stijo Stephen &**
**Anugraha George**
**Kanappilly house**
**Manjummel**



**Baptism**
**16.04.2023**



## Daron Gijo

**S/o Gijo & Diphy**
**Mathirappilly (H)**






## Iza Mariyam

**D/o Nithin Thomas &**
**Monica Reshma P.V**



## Congratulations

*Wedding*

# Jithin Jose
# Nirmala Sherry

**27.04.2023**



## Congratulations

*Wedding*

**17.4.2023**

# Aleena William
# Anish Antony



# വേനലവധിയിലെ വിനോദയാത്ര

ഷൈജി സെബാസ്റ്റ്യൻ

**സെ**ന്റ് സെബാസ്റ്റ്യൻ A,C എന്നീ കുടുംബയൂണിറ്റും ഈ യൂണിറ്റിലെ ലിറ്റിൽ എയ്ഞ്ചൽസ് കുട്ടികൂട്ടവുമായി 21 പേരടങ്ങുന്ന സംഘം 19 - 6 - 2023 ബുധനാഴ്ച രാവിലെ 8.30ന് സെന്റ്- സെബാസ്റ്റ്യൻ കപ്പേളയിൽ നിന്ന് പ്രാർത്ഥനകളോടെ ഏകദിന വിനോദ യാത്രയ്ക്ക് പോവുകയുണ്ടായി.

കേരളത്തിലെ ഏറ്റവും വലിയ പക്ഷിസങ്കേത കേന്ദ്രമായ തട്ടേക്കാട് പക്ഷിസങ്കേത ത്തിലേക്കാണ് ഞങ്ങൾ ആദ്യം പോയത്. അവിടെ ചെന്ന് പ്രഭാത ഭക്ഷണത്തിനുശേഷം ഞങ്ങൾ അകത്തേക്ക് പ്രവേശിച്ചു. ദേശാടന കിളികൾ വിരുന്നെത്തുന്ന തട്ടേക്കാട്ടിൽ കണ്ണിന് കുളിരേകുന്ന കാഴ്ചകൾ ഏറെയുണ്ട്. കുട്ടികൾക്കായി നിർമ്മിച്ചിരിക്കുന്ന പാർക്കും, ഏറുമാടവും, നക്ഷത്ര പാർക്കും, ബട്ടർഫ്ളൈ പാർക്കും, പക്ഷികളുടെ സ്റ്റഫു കൾ അടങ്ങുന്ന മ്യൂസിയവും തട്ടേക്കാടിന്റെ മറ്റൊരു ആകർഷണീയതയാണ്.

അവിടെ നിന്ന് ഞങ്ങൾ പോയത് പൂയംകുട്ടിയിലേക്കാണ്. പൂയംകുട്ടി പാലത്തിന് സമീപം നീരൊഴുക്ക് കുറഞ്ഞ വെള്ളത്തിൽ കുട്ടികളും മുതിർന്നവരും നീന്തിത്തുടിക്കു കയുണ്ടായി. ചുട്ടുപൊള്ളുന്ന വേനലിൽ മനസ്സിനും ശരീരത്തിനും കുളിരേകുന്നതായി രുന്നു പൂയംകുട്ടി നദിയിലെ അനുഭവങ്ങൾ. അവിടെനിന്നും ഉച്ചഭക്ഷണത്തിനുശേഷം മനസ്സില്ലാമനസ്സോടെ ഞങ്ങൾ പോയത് 1967 - ൽ നിർമ്മാണം പൂർത്തിയായ 15 സ്പിൽവേ കളോടുകൂടിയ ഭൂതത്താൻകെട്ട് അണക്കെട്ടിലേക്കായിരുന്നു.

അണക്കെട്ടിനു മുകളിലൂടെ നടന്നതും, അടുത്തുള്ള വിശാലമായ പാർക്കിൽ ചില വിട്ട നിമിഷങ്ങളും വർണ്ണനാതീതമാണ്. വണ്ടിക്കുള്ളിലെ യാത്ര രസകരമായിരുന്നു. ഡാൻസും പാട്ടുമായി കുട്ടികളും മുതിർന്നവരും യാത്ര നന്നായി ആസ്വദിച്ചു. 8.30തോടു കൂടി ഞങ്ങൾ സെന്റ് സെബാസ്റ്റ്യൻ കപ്പേളയിൽ തിരിച്ചെത്തി. ഓർമ്മകളുടെ താളുകളി ലേക്ക് സുന്ദരമായ ഒരു ദിനം സമ്മാനിച്ചതോടൊപ്പം ഞങ്ങളുടെ കുടുംബാംഗങ്ങൾ തമ്മി ലുള്ള ഐക്യം ഊട്ടി ഉറപ്പിക്കാനും ഈ യാത്ര കൊണ്ട് സാധിച്ചു.

## ഇടവക വാർത്തകൾ



# മാർച്ച് 19
# ഔസേപ്പിതാവിന്റെ തിരുനാൾ





മാർച്ച് 19-ാം വിശുദ്ധ യൗസേപ്പിതാവിന്റെ നേർച്ച സദ്യയോടനുബന്ധിച്ച് എഡ്വിൻ ബിനോയ് ട% ബിനോയ് കോഴിപ്പുറത്തു & സോണിയ ബിനോയ് (ലിറ്റിൽ ഫ്ളവർ എ ഫാമിലി യൂണിറ്റ്) എന്ന കുടുംബത്തെ തിരുകുടുംബമായി തെരഞ്ഞെടുത്തു.

വിശുദ്ധ ഔസേപ്പിതാവിന്റെ നേർച്ച സദ്യയുടെ ഭാഗമായിട്ട് ഇടുന്ന പന്തലിന്റെ കാൽനാട്ടുകർമം ബഹുമാനപ്പെട്ട ടൈറ്റസച്ചന്റെയും ഡാനി അച്ചന്റെയും നേതൃത്വത്തിൽ നിർവ്വഹിച്ചു.

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവകയിലെ വിശുദ്ധ യൗസേപ്പിതാവിന്റെ മരണ തിരുന്നാളിനോടനുബന്ധിച്ചുള്ള നേർച്ച സദ്യയുടെ ഒരുക്കങ്ങളുടെ ആശീർവാദ കർമം ഇടവക വികാരി ബഹുമാനപ്പെട്ട ഫാ. ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി. നിർവ്വഹിച്ചു. അസി. വികാരി ഫാ. ഡാനി ആന്റണി ഒ.സി.ഡി., ലീഡർ വർഗീസ് പുളിക്കൽ, ജനറൽ കൺവീനർ ജോജോ മൂഞ്ഞപ്പിള്ളി കൂടാതെ കേന്ദ്ര നിർവാഹക സമിതി അംഗങ്ങളും തിരുനാൾ കമ്മിറ്റി അംഗങ്ങളും സന്നിഹിതരായിരുന്നു. മാർച്ച് 19 ഞായറാഴ്ച്ച രാവിലെ 9 ന് ആഘോഷമായ തിരുന്നാൾ ദിവ്യബലിക്കു ശേഷം നേർച്ചസദ്യ ഉണ്ടായിരുന്നു.

## നാൽപ്പത് മണിക്കൂർ ആരാധന

ഈ വർഷത്തെത്തെ 40 മണിക്കൂർ ദിവ്യകാരുണ്യ ആരാധന മാർച്ച് 24, 25, 26 തീയതികളിൽ വിവിധ യൂണിറ്റുകളുടെയും ഭക്തസംഘടനകളുടെയും നേതൃത്വത്തിൽ ഭക്തിപൂർവ്വം നടത്തി.





## വിശുദ്ധവാര തിരുക്കർമ്മങ്ങൾ



ഏപ്രിൽ 2 ഓശാന ഞായർ രാവിലെ 5.45ന് സെന്റ് ജോസഫ് ഹോസ്പിറ്റലിൽ വച്ച് കുരുത്തോല വെഞ്ചരിപ്പും തുടർന്ന് ദേവാലയത്തിലേക്ക് പ്രദക്ഷിണമായി വരുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

ഓശാന ഞായറാഴ്ച 8നും 9.30നും ദിവ്യബലി ഉണ്ടായിരുന്നു. വൈകീട്ട് 5.30ന് ഇടവകയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ആരംഭിച്ച കുരിശിന്റെ വഴി 6.30ന് ദേവാലയത്തിൽ എത്തിച്ചേരുകയും തുടർന്ന് വചന പ്രഘോഷണവും ഉണ്ടായിരുന്നു.

# ഇടവക വാർത്തകൾ

## ഏപ്രിൽ 3,4,5 തീയതികളിൽ കുമ്പസാരം ഉണ്ടായിരുന്നു

പെസഹാവ്യാഴാഴ്ച വൈകീട്ട് 6 മണിക്ക് തിരുവത്താഴ ദിവ്യബലിയും പാദക്ഷാളന കർമ്മവും തുടർന്ന് രാത്രി 12 മണിവരെ ബ്ലോക്ക് അടിസ്ഥാനത്തിൽ ദിവ്യകാരുണ്യ ആരാധനയും നടത്തി.





ദു:ഖവെള്ളി രാവിലെ 7 മണിക്ക് ഇടവക ദേവാലയത്തിൽ നിന്നും ആരംഭിച്ച കുരിശിന്റെ വഴി പട്ടണപ്രദക്ഷിണമായി 10-ന് തിരികെ ദേവാലയത്തിൽ അവസാനിച്ചു.





ദു:ഖവെള്ളി വൈകീട്ട് 3.30ന് ദൈവവചന പ്രഘോഷണം, കുരിശാരാധന, ദിവ്യകാരുണ്യ സ്വീകരണം, നഗരികാണിക്കൽ, തിരുസ്വരൂപ ചുംബനം എന്നിവ നടത്തി. തുടർന്ന്, 11.15-ന് കബറിടക്കം.






## ഉയിർപ്പ് തിരുനാൾ

വലിയശനി രാത്രി 10.30ന് തീ, തിരി, വെള്ളം വെഞ്ചിരിപ്പും വചനപ്രഘോഷണവും തുടർന്ന് ആഘോഷമായ ഉയിർപ്പ് ദിവ്യബലിയും ഉണ്ടായിരുന്നു. ഉയിർപ്പ് തിരുനാൾ രാവിലെ 7.00 നും, 9.00 നും ദിവ്യബലികൾ ഉണ്ടായിരുന്നു.





## സത്യപ്രതിജ്ഞ ചെയ്തു

ഏപ്രിൽ 16 ഞായറാഴ്ച രാവിലെ 9 മണിയുടെ ദിവ്യബലിയ്ക്കു ശേഷം പുതിയ ഭാരവാഹികളുടെയും നിലവിലുള്ള യൂണിറ്റ് ഭാരവാഹികളുടെയും സംയുക്തയോഗം കാർമൽ ഹാളിൽ വച്ച് കൂടുകയുണ്ടായി. പുതിയ ഭാരവാഹികൾ വികാരിയച്ചന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു. നിലവിലുള്ള ഭാരവാഹികൾക്ക് കാർമൽ ഹാളിൽ വച്ച് നടത്തിയ യോഗത്തിൽ വച്ച് വികാരിയച്ചൻ ഇതുവരെ അവർ നൽകിയ സേവനങ്ങൾക്ക് നന്ദി അർപ്പിച്ചു.

## അഭിമാന നേട്ടം



2023 മെയ് 27 ശനിയാഴ്ച്ച രാവിലെ ആലുവ മണപ്പുറം മണ്ഡപം കടവിൽ നിന്നും മണപ്പുറം ദേശം കടവിലേക്ക് 780 മീറ്റർ ഇരു കൈകളും പുറകിൽ ബന്ധിച്ചു മഞ്ഞുമ്മൽ ഇടവക മേരി മാതാ എ കുടുംബയൂണിറ്റ് ആഞ്ഞിലിക്കാട്ട് വീട്ടിൽ ഡെന്നിയുടെ മകൾ **മേരി സന ഡെന്നി** എന്ന 11- കാരി നീന്തിക്കയറിയതു കഴിഞ്ഞ 14 വർഷമായി ആലുവ പെരിയാറിൽ സൗജന്യമായി നീന്തൽ പരിശീലിപ്പിക്കുന്ന സജി വാളശ്ശേരിയുടെ കടുത്ത ശിക്ഷണത്തിലാണ്. കൈകളും കാലുകളും ഉള്ളവർ മുങ്ങിമരിക്കുന്ന ഈ മേഖലയിൽ നീന്തലിന്റെ പ്രാധ്യാന്യവും വളരെ ലളിതമായി നീന്തൽ പഠിക്കാം എന്നുള്ളതും മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാനാണ് അതിസാഹസികമായ ഈ നീന്തൽ യത്നം നടത്തിയത്. എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയാണ് മേരി സന ഡെന്നി ഉൾപെടുന്ന 11 കുട്ടികൾ ഇതിനു തയ്യാറായത്. അഭിമാന നേട്ടം കൈവരിച്ച മേരി സന ഡെന്നിയ്ക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ.

## അഭിനന്ദനങ്ങൾ



നമ്മുടെ ഇടവകാംഗമായ കോയ്മക്കാട് **ഡിനി ലില്ലി കെ.ജെ.** B.com. LLB (CUSAT) LLM (TISS) ബോംബെ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് നിന്ന് LLM കരസ്ഥമാക്കി. ഹോളി ഫാമിലി A യൂണിറ്റിലെ ജോസ് ഡിക്സന്റെയും ജീൻ ജോർജിന്റെയും മകളാണ്. ഇടവകയുടെ അഭിനന്ദനങ്ങൾ.

# മാതൃസംഗമം നടത്തി

മെയ് 21 ഞായറാഴ്ച അമലോത്ഭവമാതാ ഇടവക മാതൃവേദി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവക മാതൃദിനാഘോഷ ചടങ്ങുകൾ നടത്തി. 9 മണിയുടെ ദിവ്യബലിയോടെ പരിപാടികൾ ആരംഭിച്ചു. തുടർന്ന്, 10.30ന് കാർമൽ ഹാളിൽ ചേർന്ന മാതൃസംഗമത്തിൽ മാതൃവേദി വൈസ് പ്രസിഡന്റ് ഫിലോമിന ജോഷി അദ്ധ്യക്ഷത വഹിച്ചു. ഇടവക വികാരി, ഫാദർ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി. ഉദ്ഘാടനം നിർവഹിച്ചു. അസിസ്റ്റന്റ് വികാരി ഡാനി ആന്റണി ഒ.സി.ഡി. അനുഗ്രഹപ്രഭാഷണം നടത്തി, ഏറ്റവും പ്രായം കൂടിയ അമ്മ, കൂടുതൽ മക്കളുള്ള അമ്മ, ലക്കി മദർ എന്നിവരെ ചടങ്ങിൽ ആദരിച്ചു. കേന്ദ്രസമിതി ലീഡർ വർഗ്ഗീസ് പുളിക്കൽ, സെക്രട്ടറി അഡ്വ. ജെഫ്രിൻ മാനുവൽ എന്നിവർ ആശംസകൾ അറിയിച്ചു. മാതൃവേദി സെക്രട്ടറി റീന ബെനഡിക്ട് റിപ്പോർട്ട് അവതരിപ്പിച്ചു. മാതൃവേദി ജോയിന്റ് സെക്രട്ടറി മോളി വർഗീസ് സ്വാഗതവും, മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് അംഗം ഫിലോമിന ഹെൻട്രി നന്ദിയും പറഞ്ഞു. അമ്മമാരുടെ കലാപരിപാടികളും കളികളുമായി ആഘോഷമായി നടന്ന മാതൃസംഗമം ഉച്ചഭക്ഷണത്തോടുകൂടി അവസാനിച്ചു.








## മതബോധന വാർത്തകൾ



### ആദ്യ കുർബാന സ്വീകരണം

ഈ വർഷത്തെ ആദ്യകുർബാന സ്വീകരണം 2023, ഏപ്രിൽ 22 വൈകുന്നേരം 4.00–ന് മഞ്ഞുമ്മൽ അമലോത്ഭവ മാതാ ദേവലയത്തിൽ വച്ചു നടത്തപെട്ടു. 70 കുട്ടികൾ ആണ് ഈ വർഷം ആദ്യകുർബാന സ്വീകരണത്തിന് ഉണ്ടായിരുന്നത്.

വികാരി റവ.ഫാ.ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി., സഹവികാരി റവ.ഫാ. ഡാനി ആന്റണി ഒ.സി.ഡി., റവ. ഫാ. ജെയ്സൺ പുതുമാടശ്ശേരി ഒ.സി.ഡി., റവ.ഫാ. ബോസ് വേലശ്ശേരി ഒ.സി.ഡി., റവ.ഫാ. ബോബി തൈപറമ്പിൽ ഒ.സി.ഡി., റവ.ഫാ. പോൾ നടുവിലതയ്യിൽ ഒ.സി.ഡി., റവ.ഫാ. അനൂപ് ഒ.സി.ഡി. എന്നിവർ ദിവ്യബലിയിൽ സന്നിഹിതരായിരുന്നു.



### സ്ഥൈര്യലേപനം

ഈ വർഷത്തെ സ്ഥൈര്യലേപനം 2023 ഏപ്രിൽ 26–ന്, വൈകുന്നേരം 4.30–ന് മഞ്ഞുമ്മൽ അമലോലഭവ മാതാ ദേവാലയത്തിൽ വച്ചു അഭിവന്ദ്യ പിതാവ് ജോസഫ് കളത്തിപറമ്പിൽ പിതാവിന്റെയും, മോൺ. മാത്യു ഇലഞ്ഞിമറ്റത്തിന്റെയും കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. 82 കുട്ടികൾ ആണ് ഈ വർഷം സ്ഥൈര്യലേപന സ്വീകരണത്തിന് ഉണ്ടായിരുന്നത്.

## മതബോധന വാർത്തകൾ

# അഭിനന്ദനങ്ങൾ

മതബോധന വിഭാഗത്തിൽ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന **ഇവാന മരിയ ജോൺ,** KRLCBC അതിരൂപത തലത്തിൽ നടത്തിയ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഒന്നാം റാങ്ക് നേടി. സെന്റ് ആന്റണി എ ഫാമിലി യൂണിറ്റ് ജോൺ ഹ്യൂബർട്ടിന്റേയും ഷിബി സിൽവസ്റ്ററിന്റെയും മകളാണ്. ഇടവകയുടെ അഭിന്ദനങ്ങൾ.



## ഡിഡാക്കെ 2023



ഡിഡാക്കെ 2023 മതബോധന അദ്ധ്യാപകരുടെ സംഗമം മേയ് 28ന് , സെന്റ് ആൽബർട്ട്സ് കോളേജിൽ വെച്ചു നടത്തപ്പെട്ടു. മഞ്ഞുമ്മൽ ഇടവകയിൽ നിന്നും 30 മതാദ്ധ്യാപകർ പങ്കെടുത്തു.

## യുവജന വാർത്തകൾ

### വേളാങ്കണ്ണിയിലേക്ക് തീർത്ഥയാത്ര

മഞ്ഞുമ്മൽ കാർമൽ യൂത്തിന്റെ നേതൃത്വത്തിൽ ഏപ്രിൽ 29-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് ആറുമണിക്ക് ഇടവകയിൽ നിന്നും വികാരിയച്ചന്റെ ആശിർവാദത്തോടു കൂടി വേളാങ്കണ്ണിയിലേക്ക് തീർത്ഥയാത്ര നടത്തി. ശനിയാഴ്ച രാവിലെ പോയവർ എല്ലാവരും ഒരുമിച്ച് ഒരു ദിവ്യബലി അർപ്പിക്കുകയും പിറ്റേന്ന് ഞായറാഴ്ച പൊതുവായിട്ടുള്ള ദിവ്യബലിയിൽ പങ്കെടുക്കുകയും ചെയ്തു



### മലയാറ്റൂർ തീർത്ഥയാത്ര

മാർച്ച് 10-ന് ബഹു. വികാരി ടൈറ്റസ് കാരിക്കശ്ശേരി ഒ.സി.ഡി. അച്ചന്റെ നേതൃത്വത്തിൽ കാർമ്മൽ യൂത്ത് യുവാക്കൾ മലയാറ്റൂർ മലകയറുന്നതിന് രാത്രി 7 മണിക്ക് പള്ളിനടയിൽ നിന്നും കാൽനടയായി പുറപ്പെട്ടു. പിറ്റേന്ന് രാവിലെ ദിവ്യബലിയ്ക്ക് ശേഷം തിരികെ എത്തി.







## നവാതിഥികൾ

1) **എസ്രിയ മരിയ** D/o ആശാരികണ്ടത്തിൽ ജോമോൻ ജോർജ്ജ് & നീമ ജോമോൻ
2) **ഇദൻ ഫെബിൻ** S/o ഇരത്തറ ഫെബിൻ & സോണിയ ഫെബിൻ
3) **വാലന്റിന മനു** D/o പുതുമാടശ്ശേരി മനു എഡ്വിൻ & ദീപ
4) **അയാൻ സുനിൽ** S/o തൈക്കൂട്ടത്തിൽ സേവ്യർ സുനിൽ & ട്രീസ ഷെൽമ
5) **അമാൻ സുനിൽ** S/o തൈക്കൂട്ടത്തിൽ സേവ്യർ സുനിൽ & ട്രീസ ഷെൽമ
6) **റേച്ചൽ ജെസി മനയിൽ** D/o മനയിൽ റോണി ജോസ് & അമിന്റലിസ്
7) **അഗത സ്റ്റിജോ** D/o കാനപ്പിള്ളി സ്റ്റിജോ സ്റ്റീഫൻ & അനുഗ്രഹ
8) **ഡാരോൺ ജിജോ** S/o മാതിരപ്പിള്ളി ജിജോ ആന്റണി & ഡിഫി വർഗ്ഗീസ്
9) **എൽവീറ മഗ്ദലന കൊറയ** D/o പൂവത്തുംപറമ്പിൽ ജെഫിൻ കൊറയ & ഹാരിയറ്റ് ഫിഗരേദോ
10) **ജൊഹാൻ** S/o ഉഴുന്നുംകാട്ടിൽ ജെഗിൻ ബാബു & സോണിയ
11) **യുവാൻ സ്റ്റെബി** S/o അറക്കൽ റാഫേൽ സ്റ്റെബി & എയ്ഞ്ചലീന
12) **റൂബൻ അരുൺ ബെനഡിക്ട്** S/o കോതേത്ത് അരുൺ ബെനഡിക്ട് & റിയ റേച്ചൽ ജോൺ
13) **റ്റാനിയ കെ. വിബിൻ** D/o കുരിശിങ്കൽ വിബിൻ വർഗ്ഗീസ് & ഗീതു വിബിൻ
14) **സാറ ജീവൻ** D/o മേട്ടേക്കാട്ട് ജീവൻ വി. ജോർജ്ജ് & ജിൽസി ട്രീസ
15) **മിഗുവേൽ ഗവിൻ** ജോർജ്ജ് S/o കളത്തിങ്കൽ ജോർജ്ജ് & മേരി
16) **ആദം ആന്റണി അഖിൽ** S/o പുത്തൻവീട്ടിൽ അഖിൽ ക്രിസ്റ്റഫർ & അനീറ്റ ജോസ്

## ഒന്നായവർ

1) വേലശ്ശേരി **ഷിബു** & കാട്ടിപ്പറമ്പിൽ **ലെക്സി**
2) പുത്തൻവീട്ടിൽ **അരുൺ ക്രിസ്റ്റഫർ** & തെക്കേടത്ത് **റിയ ബിജു**
3) കുരിശിങ്കൽ **ജിതിൻ ജോസ്** & പോത്തനമ്പള്ളി **നിർമ്മല ഷെറി**
4) അന്തിക്കാട് **ഡിസ്റ്റൺ ജോസഫ്** & ഈച്ചരങ്ങാട്ട് **ലിയ റോസ്‌ലിൻ**



# നിത്യതയിലേക്ക്

അവിടുന്ന് എന്നെ ഏൽപ്പിച്ച ജോലി
പൂർത്തിയാക്കികൊണ്ട് ഭൂമിയിൽ
അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി
(യോഹ 16:6)



**ഫാ. ഫ്രാൻസീസ്**
വേലശ്ശേരി



**വിൻസെന്റ്**
അടിച്ചിലിൽ



**ഹരോൾഡ് സ്റ്റീഫൻ സിമേന്തി**
ലന്തപ്പറമ്പിൽ



**പയസ്സ്**
കുരിശിങ്കൽ



**വർഗ്ഗീസ് ഷാരു**
ചെറുതുരുത്തി



**വിക്ടോറിയ സെലിൻ**
കടപ്പിരിങ്ങൽ



**തോമസ്**
കുഴിയത്ത്



**K.T. ജെയിംസ്**
കാഞ്ഞൂക്കാരൻ



**മേരി തൊമ്മി**
മഠത്തിപ്പറമ്പിൽ



**ലിസ്സി**
അറക്കൽ


Congratulations
Wedding
Arun Christopher
Riya
17.4.2023


Congratulations
Wedding
Shibu & Lexi
16.04.2023

# ST. JOSEPH'S HOSPITAL TRUST


"Action with Love is Service
Serving the community since 1888."


NABH CERTIFIED — PATIENT SAFETY & QUALITY OF CARE

**Manjummel P.O, Kochi - 683 501**
**Ph: 0484 2555344, Mob: 8893247123**



## 24 X 7
## CATH LAB FACILITY





**Department of Radiology**
**24 X 7 : 1.5T HD MRI & CT, X-RAY**

## 24 X 7, ICU AMBULANCE, LAB, PHARMACY, ACCIDENT & EMERGENCY CARE

### OUR DEPARTMENTS

- 24 x 7 Emergency Medical services
- Cardiology
- Orthopedics
- Spine surgery
- Plastic Reconstructive Surgery
- Pediatrics & Neonatology
- Internal Medicine / General Medicine
- Dental Services
- Ophthalmology (Cataract Surgery)
- General Surgery
- Medical Gastroenterology
- Endoscopy
- Anesthesiology
- Reflexology
- Radiology
- Psychiatry
- ENT
- Audiometry
- Urology
- Obstetrics and Gynecology
- Laparoscopic Surgery
- Physiotherapy
- Rheumatology
- Pulmonology & Respiratory Medicine
- Nephrology
- Dialysis Unit
- Clinical Psychology
- Dermatology
- Neurology
- Acupuncture & Electropathy
- Diabetes Care Clinic
- 24 x 7 Cath Lab Facility

## Department of Gynecology & Obstetrics

“കരുതലോടെ...
മാതൃത്വത്തിലേക്ക്”...



സുരക്ഷ അമ്മയ്ക്കും കുഞ്ഞിനും



എപ്പോഴുമുണ്ട്
ഏറ്റവും മികച്ച
കരുതൽ

## 24x7 CRITICAL CARE UNIT.
WELL EQUIPPED ICU WITH VENTILATOR SERVICE